**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന - ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ, എസ്.സി.) 2.5 ലക്ഷം (എസ്.ടി.) ആക്കി വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക ബാദ്ധ്യത - അനുവദിച്ച 500 കോടി രൂപയിൽ നിന്നും 2011-12-ലെ ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്കും കൂടി 75,000 രൂപാ വീതം അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ). 156 /2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 16.01.2016

==========================================================================

പരാമർശം:
1. 16.09.2015 തീയതിയിലെ 2832/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 30.09.2015 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.5 നമ്പർ തീരുമാനം.
3. ശ്രീമതി.എൻ.പത്മാക്ഷി മുതൽ പേർ സമർപ്പിച്ച WP(C)24479/15 ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 29.10.2015 ലെ ഉത്തരവ്.
4. ഗ്രാമവികസന കമ്മീഷണറുടെ 28.11.2015 തീയതിയിലെ 16161/ജെആർവൈ.4/2015/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

2011-12 വർഷം മുതൽ ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ, എസ്.സി.) 2.5 ലക്ഷം (എസ്.ടി.) ആക്കി വർദ്ധിപ്പിച്ചതു മൂലമുണ്ടായ ബാദ്ധ്യതയിൽ അധിക ധന സഹായം നൽകുന്നതിനായി 500 കോടി രൂപ പരാമർശം 1 ലെ സർക്കാർ ഉത്തരവ് മുഖേന അനുവദിക്കുകയുണ്ടായി. ടി തുക 2012-13 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്ക് സംസ്ഥാന അധിക ധനസഹായം നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. 2011-12 വർഷത്തിലെ ഐ.എ.വൈ. ഗുണഭോക്താക്കളായ ശ്രീമതി.എൻ.പത്മാക്ഷി മുതൽ പേർ ചേർന്ന് തങ്ങൾക്കും അധിക ധനസഹായം അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)24479/15 നമ്പർ കേസ് ഫയൽ ചെയ്യുകയും 29.10.2015 ലെ ഉത്തരവുപ്രകാരം രണ്ടുമാസത്തിനകം ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകുകയുമുണ്ടായി.

2. 2011-12 വർഷത്തേയ്ക്കുള്ള ഗുണഭോക്താക്കൾക്കും കൂടി സംസ്ഥാന അധിക ധനസഹായം ബാധകമാക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം 4 മുഖേന ശുപാർശ ചെയ്യുകയുണ്ടായി.

3. 2011-12 വർഷം മുതൽ ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ, എസ്.സി.) 2.5 ലക്ഷം (എസ്.ടി.) ആക്കി വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക ബാദ്ധ്യതയിൽ 2011-12 വർഷത്തേയ്ക്ക് ആവശ്യമായ അധികരിച്ച തുകയിൽ 75,000/- രൂപ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് ബ്ലോക്കു പഞ്ചായത്തുകളെ അധികാരപ്പെടുത്തിയത് മൂലമുണ്ടായ ബാദ്ധ്യതയിൽ ഗുണഭോക്താക്കൾക്ക് ഇനിയും ലഭ്യമാക്കാനുള്ള അർഹമായ ധനസഹായം പൂർണ്ണമായോ ആനുപാതികമായോ പരാമർശം ഒന്ന് മുഖേന അനുവദിച്ച 500 കോടി രൂപയിൽ നിന്നും നൽകാൻ 30.09.2015 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ച തുകയിൽ നിന്നും 2011-12 ലെ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് കൂടി 75,000/- രൂപ വീതം ധനസഹായം നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

5. പരാമർശം 3 ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി.

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, കേരളം (ആമുഖ കത്ത് സഹിതം)
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6. ധനകാര്യവകുപ്പ്
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
9. ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ